# ഇ-ജാലകം

## ഡിജിറ്റൽ മാഗസിൻ

*എൽ. എം. എസ്. എച്ച്. എസ്. എസ്. ചെമ്പൂര്*

**2023-24**

**LMS HSS ചെമ്പൂര് ..സ്കൂൾ വിക്കി പേജ് കാണാൻ താഴെ കാണുന്ന QR code സ്കാൻ ചെയ്യൂ..**


# ആശംസ

നൂതന സാങ്കേതിക വിദ്യയുടെ പ്രസക്തി തുറന്നുകാട്ടുന്ന ഇ ജാലകം എന്ന ഡിജിറ്റൽ മാഗസിൻ നമുക്ക് അഭിമാനിയ്ക്കാനും ആനന്ദിക്കാനും കഴിയുന്ന ഒന്നാണ്. ഇനിയും മുന്നേറാൻ അവസരം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.

ആശംസകളോടെ

ഹെഡ്മിസ്ട്രസ്

ഷീജ.റ്റി.എൽ



# ആശംസ

ശാസ്ത്ര സാങ്കേതികരംഗത്തെ അത്ഭുതപൂർവ്വമായ മുന്നേറ്റത്തിന്റെ ഒരു തെളിവാണ് E-. ജാലകം ബൗദ്ധികമായ അറിവിന്റെ സമസ്ത മേഖലകളെയും തൊട്ടുണർത്താൻ കഴിയുന്ന ഈ മാഗസിനിൽ വിരലുകൾ ചലിപ്പിച്ച എല്ലാവിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.



ആശംസകളോടെ

സ്റ്റാഫ് സെക്രട്ടറി

അജന്താ തിലകം

# ആശംസ

ഗതിവേഗം കൂടിയ ജീവിതക്രമത്തിൽ ആധുനികവിദ്യാഭ്യാസത്തിന്റെ നെടുംതൂണാണ് സർഗ്ഗാത്മകത വികസിപ്പിക്കൽ. ഇത് ഡിജിറ്റൽ യുഗത്തിനനുയോജ്യമായ രീതിയിൽ ഇ-ജാലകം എന്ന മാഗസിനിലൂടെ പകർത്താൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യം കൊള്ളുന്നു. ഇനിയും മുന്നേറാൻ എല്ലാവിധ ആശംസകളും നേരുന്നു.....

കൈറ്റ് മിസ്ട്രസ്

നിഷാറാണി ജി.പി



## ആശംസ

വിദ്യാഭ്യാസ മേഖലയിൽ കമ്പ്യൂട്ടറിന്റെ ഉപയോഗം നമ്മുടെ പ്രതീക്ഷകൾക്കപ്പുറമായ അനന്തസാധ്യതകൾ സൃഷ്ടിച്ചു. കുട്ടികളില കലാ വൈഭവം തുറന്നു കാട്ടിയിരിക്കുന്ന ഇ- ജാലകം എന്ന മാഗസീനിൽ കഴിവ് തെളിയിച്ച എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

കൈറ്റ് മിസ്ട്രസ് 2

ഫാൻസിലത .എസ്



# ഉള്ളടക്കം

1. ഞാൻ ഇഷ്ടപ്പെടുന്ന വിനോദം

2. ഗ്രാമഭംഗി

3. ഓർമ്മകൾ

4. ഡോ.എ.പി.ജെ. കലാം

5. മഴ

6. ചീറ്റപ്പുലിയും കുഞ്ഞുങ്ങളും

7. നായ വീട്ടുമൃഗമായതെങ്ങനെ?

8.ആനയും ഈച്ചയും

9. പ്രകൃതി

10. നിലാവിൻ്റെ രാത്രി

11.ഓ. എൻ.വി.കുറുപ്പ്

12.കനിവ്

13. വിദ്യാലയ പടവുകൾ

14. മലർമൊട്ടുകൾ

15. ഹരിതമാകുമോ ഈ പ്രപഞ്ചം

16. വിദ്യാലയം

# ഞാൻ ഇഷ്ടപ്പെടുന്ന വിനോദം

ഞാൻ ആഹ്ളാദത്തോടെ ഏർപ്പെടാൻ ആഗ്രഹിക്കുന്ന ഒന്നാണ് എന്റെ വിനോദം. വിശ്രമവേളകൾ അലസമായി ചെലവഴിക്കാതെ മനസ്സിന് സന്തോഷവും ശരീരത്തിന് ഉണർവ്വും നൽകുന്നതാണ് എന്റെ വിനോദം. അത് ക്രിക്കറ്റോ ഫുട്ബാളോ അല്ല. വായനയും യാത്രയും സംഗീതവും ചിത്രരചനയുമൊക്കെ ഞാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങളാണ്. എന്നാൽ എന്റെ ഇഷ്ടവിനോദം കൗതുക വസ്തുക്കളുടെ റിർമ്മാണമാണ്. വില പിടിപ്പുള്ള വസ്തുക്കൾ ഞാൻ ഉപയോഗിക്കാതെ സർവ്വസാധാരണയായി ലഭിക്കുന്നതും പണച്ചെലവില്ലാത്തതുമായ കടലാസും ഓലയുമാണ് എന്റെ അസംസ്കൃതവസ്തുക്കൾ. ഇവ ഉപയോഗിച്ച് ഞാൻ കൗതുക വസ്തുക്കൾ നിർമ്മിക്കുമ്പോൾ ഞാൻ തികഞ്ഞ വിശ്രമവും വിശ്രാന്തിയും അനുഭവിക്കുന്നു.

കടലാസിൽ കവിത വിരിയിക്കുന്ന കലയാണ് ഒറിഗാമി എനിക്കറിയാം. ഞാൻ നിർമ്മിക്കുന്ന വസ്തുക്കൾ മറ്റുള്ളവരെ പഠിപ്പിക്കാൻ തയ്യാർ ആകുന്നു. കാരണം ഞാൻ അനുഭവിക്കുന്ന സന്തോഷവും അഭിമാനവും അവർക്ക് ലഭിക്കട്ടെയെന്ന എന്റെ മോഹം .

നിസ്സി
8 B

# ഗ്രാമഭംഗി

ഹരിതമാകുമീ ഭാവലയങ്ങളിൽ
വർണ്ണശോഭയാം ഗ്രാമഭംഗി
നദിതൻ കൊഞ്ചലായ് മാറുന്നുവോ
സ്വപ്നത്തിൻ താലോലമാം പൂന്തെന്നൽ
ഇളംകാറ്റിൻ ജലമർമ്മരങ്ങളാൽ
സുവർണ്ണമാകുമീ മാനസങ്ങളിൽ
കുയിലമ്മേ നിൻ കരങ്ങളിന്നിതാ
സ്നേഹമായ് തുടിക്കുന്നുവോ
നിലാവിൽ ആരോവിരൽ തൊട്ട
സ്നേഹസ്പർശമേ നീയെവിടെ
എൻമനമിതാ ദൂരെയെങ്ങോ
പകൽ പക്ഷിതൻ തേങ്ങലോ
കൺചിമ്മും നക്ഷത്രചിപ്പിതൻ
ഹരിതഭ്രമിയാം സൗന്ദര്യത്തിൽ
പട്ടുപോൽ വിരിച്ചൊരീപച്ചതൻ
പനംതത്തയാകുന്ന പൗർണ്ണമിയോ
ഇളംകാറ്റിലെങ്ങോ മറന്നിട്ട
ഗ്രാമത്തിൻ ഭംഗിതൻ നൗകയിൽ
താളങ്ങളാൽ ലാസ്യഭാവങ്ങളിൽ
സമ്പന്നമല്ലോഎൻ ഗ്രാമഭംഗി

അശ്വിൻ
10 B

## ഓർമ്മകൾ

ശിരസ്സിലേറ്റിയ നകത്തിന്റെ ഭാരത്തിലും,
ഇടയ്ക്കിടെയുള്ള പ്രഹരത്തിലും ,
പിന്തിരിലഞ്ഞു നോക്കാൻ,
വേദനിച്ച കന്നിനെ പോലെ...
ഇരവു പകലുകൾ മാറി
ഋതുക്കൾ മാറി....
ചലിക്കുന്ന ഘടികാര സൂചി പോലെ......

ഗോപിക
9c



## ഡോ. എ.പി.ജെ. അബ്ദുൾ കലാം

### വാചകങ്ങൾ

1.ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം മറിച്ച് നിങ്ങളെ ഉറങ്ങാൻ സമ്മതിക്കാത്തതാണ്.

2.നിങ്ങളുടെ പ്രഥമവിജയത്തിനുശേഷം വിശ്രമിക്കാൻ മെനക്കെടരുത്. കാരണം, രണ്ടാമത്തേതിൽ നിങ്ങൾ പരാജയപ്പെട്ടാൽ കൂടുതൽ പേരും പറയാൻ കാത്തിരിക്കുന്നത് ആദ്യത്തെ വിജയം വെറും ഭാഗ്യം മാത്രമാണെന്ന് പറയാനാണ്.

3.സ്വപ്നങ്ങളെ ചിന്തകളാക്കൂ, ചിന്തകൾ പ്രവൃത്തികളും. ......

4.നിങ്ങളുടെ ഉദ്യമം വിജയിപ്പിക്കണമെന്നുണ്ടെങ്കിൽ നിർബന്ധമായും നിങ്ങളുടെ ലക്ഷ്യത്തോടുള്ള ഏകമനസ്സോടെയുള്ള ഭക്തി ഉണ്ടായിരിക്കണം..

5.ഒരിക്കൽ പരാജയപ്പെട്ടാൽ പിന്നെയത് ഒരിക്കലും ഉപേക്ഷിക്കരുത് കാരണം FAIL എന്നാൽ First Attempt In Learning എന്നാണ് നിർവചിക്കേണ്ടത്..

ഷർമിള

9c



# മഴ

പാടത്തൂടെ നടക്കേന്നരം
വാടിയ ചെടികൾ കണ്ടു ഞാൻ
മേഘം മൂടിയ മാനം നോക്കി
മാടി വിളിച്ചു മഴയെ ഞാൻ
പൊടികൾ പറത്തിയണഞ്ഞുവെഗം
വീശിയടിക്കും കുളിർക്കാറ്റ്

അനാമിക
6b

# ചീറ്റപ്പുലിയും കുഞ്ഞുങ്ങളും



സ്വതേ മടിയനായിരുന്നു തമ്പുട്ടു. വേട്ടയാടുന്നതിനുവേണ്ടി കുന്തവുമായി കാട്ടിൽ പോകുമെങ്കിലും പലപ്പോഴും മരത്തണലിൽ ഇരുന്ന് ഉറങ്ങും. ഒരിക്കൽ അങ്ങനെ വെറുതെ കുത്തിയിരിക്കുമ്പോൾ അതാ തൊട്ടപ്പുറത്തായി പത്തുപ്രന്ത്രണ്ടു മാനുകൾ തുള്ളിക്കളിച്ചു നിൽക്കുന്നു. മാനിറച്ചി വളരെ രുചികരമാണെങ്കിലും എഴുന്നേറ്റ് കുന്ത മെടുക്കുവാനുംമറ്റും അവനൊരുത്സാഹവും തോന്നിയില്ല.

പെട്ടെന്ന് മാൻകുട്ടത്തിനപ്പുറത്തെ കുറ്റിച്ചെടികളിൽ ഒരനക്കം. തമ്പുട്ടു സൂക്ഷിച്ചുനോക്കി. അമ്പോ ഒരു ചീറ്റപ്പുലി.....!

അത് മാൻകൂട്ടത്തെ ലക്ഷ്യമിടുകയാണെന്ന് അവനു മനസ്സിലായി. നിമിഷങ്ങൾക്കുള്ളിൽ പുലിയുടെ നഖങ്ങൾക്കുള്ളിൽക്കിടന്ന് അതി ലൊരെണ്ണം പിടയുന്നതവൻ കണ്ടു. താമസിയാതെ ആ മാനിനെ വലിച്ചിഴച്ചുകൊണ്ട് ചീറ്റ എങ്ങോട്ടോ പോകുകയായി.

എങ്ങോട്ടാവും ആ പോക്ക്?

തമ്പുട്ടുവിന് ജിജ്ഞാസയായി. അവൻ ചീറ്റപ്പുലിക്കു പിന്നാലെ പതുങ്ങിപതുങ്ങിച്ചെന്നു. ഏറെ ദൂരം പോകേണ്ടിവന്നില്ല. അതാ

മനോഹരമായ മൂന്ന ചീറ്റക്കുഞ്ഞുങ്ങൾ. കുഞ്ഞുങ്ങൾക്കു തീറ്റ കൊടുക്കുകയാണ് ചീറ്റപ്പുലി.

എന്തു സുഖമാണ് ആ കുഞ്ഞുങ്ങൾക്ക്. ഒരു പണിയും ചെയ്യാതെ നല്ല ഒന്നാന്തരം ഇറച്ചി ഇങ്ങനെ കൊണ്ടുവന്നുതരാൻ തനിക്ക് ആരെ അകിലുമുണ്ടായിരുന്നെങ്കിൽ!. തമ്പുട്ടുവിന്റെ ചിന്ത കാടുകയറാൻ തുടങ്ങി.

ഹായ്, അതിലൊരെണ്ണത്തിനെ തട്ടിയെടുത്താൽ പോരെ. തനിക്കുവേണ്ടി വേട്ടയാടി ഇറച്ചി കൊണ്ടുവരാൻ അതിനെ നന്നായി പരിശീലിപ്പിച്ചാൽ കാര്യം കുശാലായി.

തമ്പുട്ടു തള്ളപ്പുലി പോകുന്നതുവരെ അവിടെ പതുങ്ങിയിരുന്നു. തള്ളപ്പുലി ഉടനെ തിരിച്ചുവരില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം അവൻ കുഞ്ഞുങ്ങൾക്കരികിലെത്തി. ഏതിനെ എടുക്കണം, മൂന്നെണ്ണവും ഏതാണ്ട് ഒന്നുപോലിരിക്കുന്നു.

അവൻ ആകെ സംശയത്തിലായി. എങ്കിൽ മൂന്നെണ്ണത്തിനെയും എടുക്കുക തന്നെ.

തള്ളപ്പുലി തിരിച്ചുവന്നപ്പോൾ തന്റെ കുഞ്ഞുങ്ങൾ ഒന്നിനെയും കാണുന്നില്ല. ദുഃഖം സഹിക്കാനാവാതെ അവൾ വലിയ ശബ്ദത്തിൽ നിലവിളിക്കാൻ തുടങ്ങി. അവളുടെ നിലവിളി മണിക്കൂറുകൾ നീണ്ടു. കവിളിലൂടെ കണ്ണുനീർ ഒഴുകിയൊഴുകി കണ്ണിനിരുവശവും താഴേക്ക് രണ്ടുകറുത്ത പാടുകൾ രൂപപ്പെട്ടു.

അവളുടെ കരച്ചിൽ അടുത്ത ദിവസവും തുടർന്നു. ഈ വലിയ നിലവിളിക്കു കാരണമെനത്തെന്നറിയാനായി ഗോത്രത്തലവൻ കാട്ടിലേക്കു ചെന്നു. മൃഗങ്ങളുടെ സ്വഭാവവും രീതിയും നന്നായറിയാവുന്ന തലവന് കാര്യം മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. ഗോത്രത്തൽ വൻ അന്വേഷണം ആരംഭിച്ചു. അതൊടുവിൽ തമ്പുട്ടുവിൽ ചെന്നെത്തി "നീ കാടിന്റെ നിയമങ്ങൾ തെറ്റിച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ മോഷ്ടിക്കുക മാത്രമല്ല അധ്വാനിക്കാതെ ജീവിക്കാൻ വേണ്ടിയുള്ള സൂത്രം കുടിയാണ് നീ നടത്തിയത്. ഒരുവന്റെ ശക്തിയും കഴിവും ഉപയോഗിച്ചാവണം ജീവിക്കേണ്ടതെന്നാണ് നിയമം.

കാട്ടുനിയമം തെറ്റിച്ചതിന്റെ പേരിൽ തമ്പുട്ടുവിനെ ഗോത്രത്തിൽ നിന്നു പുറത്താക്കി. ആ മൂന്നു കുഞ്ഞുങ്ങളെയും ആ ഗോത്രമുഖ്യൻ തിരികെ കാട്ടിലാക്കി. എങ്കിലും ചീറ്റപ്പുലിയുടെ കണ്ണുനീരിന്റെ പാട് ഒരിക്കലും മാഞ്ഞുപോയില്ല.

മറ്റുള്ളവരെ ദ്രോഹിച്ചുകൊണ്ട് നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നത് നന്നല്ലെന്ന് ആ പാടുകൾ എപ്പോഴും മനുഷ്യരെ ഓർമപ്പെടുത്തുന്നു വെന്ന് സുലു വർഗ്ഗക്കാർ വിശ്വസിക്കുന്നു.

അനുജ.പി

# നായ വീട്ടുമൃഗമായതെങ്ങനെ?



വളരെ പണ്ട് നായ കാട്ടുമൃഗമായിരുന്നു. വീടുകളിലൊന്നും നായകളെ വളർത്തുന്ന രീതിയുണ്ടായിരുന്നില്ല.

അന്ന് നായയുടെ ഏറ്റവും അടുത്ത സുഹൃത്ത് ചെന്നായ ആയിരുന്നു. ഒന്നിച്ചുള്ള താമസം. ഒന്നിച്ചുള്ള വേട്ടയാടൽ ഒന്നിച്ചുള്ള ഭക്ഷണം. ഒരിക്കൽ വൈകുന്നതുവരെ വേട്ടയാടിയിട്ടും ഒന്നുംതന്നെ അവർക്കു കിട്ടിയില്ല. നേരം വൈകിയപ്പോൾ നല്ല തണുത്ത കാറ്റു വീശാനും തുടങ്ങി. അസഹനീയമായ തണുപ്പും നല്ല വിശപ്പും.

“വിശപ്പിനൊപ്പം ഈ തണുപ്പുംകൂടി സഹിക്കാനാവുന്നില്ല.” നായ പറഞ്ഞു.

“നാളെ നമുക്കു നല്ല കൊച്ചു മാനിനെ വേട്ടയാടിപ്പിടിക്കാം. ഇപ്പോൾ കിടന്നുറങ്ങു സ്നേഹിതാ.” ചെന്നായ പറഞ്ഞു.

നായക്കു പക്ഷെ ഉറക്കം വന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും രക്ഷയില്ല. ചെന്നായയും ഉറങ്ങിയിട്ടില്ല.

അപ്പോഴതാ അല്പം ദൂരെയായി ഒരു ചെറുവെളിച്ചം.

“ഏയ് സുഹൃത്തേ നോക്കു, എന്തോന്നാ ആ വെളിച്ചം”

“ഓ, അവിടൊരു ഗ്രാമമുണ്ട്. അവിടത്തെ ഏതോ ഒരു വീട്ടിൽ അടുപ്പ് കൂട്ടുന്നതാ. നിനക്കറിയാലോ...” ചെന്നായ നിസ്സംഗനായി പറഞ്ഞു.

“തീയ്ക്കു നല്ല ചൂടല്ലേ. നീ നല്ല ധീരനല്ലേ ചെന്ന് അല്പം തീ കൊണ്ടുവാ.” നായ പറഞ്ഞു.

വേണമെങ്കിൽ നീ പോയി എടുക്കൂ. എനിക്കുറക്കം വരുന്നു.” ചെന്നായ പറഞ്ഞു.

നായക്ക് മനുഷ്യരെ പേടിയാണെങ്കിലും എങ്ങനെയെങ്കിലും ചൂടു കിട്ടണമെന്നുണ്ട്. മാത്രമല്ല മനുഷ്യന്റെ വീടിനടുത്ത് എല്ലിൻ കഷണ മൊക്കെ കണ്ടെന്നും വരും. പട്ടിണിയും തണുപ്പും അവന്റെ ഭയം കുറച്ചു. അവൻ പറഞ്ഞു

“സുഹൃത്തേ ഞാൻ ഏതായാലും ഒന്നു പോയി നോക്കട്ടെ. വല്ല എല്ലിൻ കഷണവും കിട്ടിയാൽ അതുകൂടി എടുക്കാമല്ലോ.”

ഞാൻ വരാൻ വൈകിയാൽ നീ ഓരിയിടണം. അപ്പോൾ നിന്റെ അടുക്കലേയ്ക്കുള്ള വഴി എനിക്കു തെറ്റില്ല.”

ഗ്രാമത്തിലെ വീടിനരികിലെത്തിയ നായ തിയുടെ അരികിലായി നല്ല കുറെ എല്ലിൻകഷണങ്ങൾ കിടക്കുന്നതു കണ്ടു, പതിയെ അവൻ

അതിനടുത്തെത്തിയപ്പോൾ അതാ കുടിലിനുള്ളിൽനിന്നു ഒരു മനുഷ്യൻ പുറത്തുവരുന്നു. ഭയന്നുപോയ നായ വളരെ ദയനീയമായി കരഞ്ഞു.

“എന്നെ കൊല്ലല്ലേ ചേട്ടാ. ഞാനൊരു പാവമാണേ. വിറച്ചിട്ടുവയ്യ. അല്പം തീ കാഞ്ഞ് ഇപ്പംതന്നെ പൊയ്ക്കോളാം.”

നായയുടെ ദയനീയ മുഖവും ഭവ്യതയോടെയുള്ള സംസാരവും, ആ മനുഷ്യനെ സ്പർശിച്ചു.

“ശരി , കുറച്ചുനേരം കഴിഞ്ഞ് സ്ഥലം വിട്ടോണം.”

പിന്നെ അയാൾ കുടിലിലേക്കു കയറിപ്പോയി. ഒരു വലിയ എല്ലിൻ കഷണവും കടിച്ചുപൊട്ടിച്ചുകൊണ്ട് അവൻ

തീയ്ക്കരുകിൽ ഇരുന്നു.

വീണ്ടും പുറത്തിറങ്ങിവന്ന മനുഷ്യൻ നായ ഇതുവമെ പോയില്ലെന്നു കണ്ടു.

“ങേ ഇതുവരെ പോയില്ലേ, ആവശ്യത്തിനു ചൂടു കിട്ടിയില്ലേ.”

മനുഷ്യരോടുള്ള ഭയം പതിയെ മാറിത്തുടങ്ങിയ നായ പറഞ്ഞു.

“ഇല്ലെന്നേ, ഇത്തിരിനേരം കൂടി ഞാനിവിടെ ഇരുന്നോട്ടെ.”

ആ മനുഷ്യൻ ഒന്നുചിരിച്ചു. എന്നിട്ട് ഉള്ളിലേക്കു പോയി.

അല്പ നേരം കഴിഞ്ഞ് വീണ്ടും മടങ്ങിവന്ന് പഴയ ചോദ്യം ആവർത്തിച്ചു. ഉത്തരവും പഴയതുതന്നെ.

മൂന്നാമത്തെ തവണ പുറത്തു വന്നപ്പോഴും നായ അവിടെത്തന്നെയുണ്ട്. ഇപ്പോൾ നായയുടെ ഭയം ഏതാണ്ട് പൂർണ്ണമായും മാറിയിരുന്നു. മനുഷ്യൻ എന്തെങ്കിലും ചോദിക്കുന്നതിനു മുൻപേ അവൻ പറഞ്ഞു.

“എന്റെ പൊന്നു ചേട്ടാ, ഞാനീ കുടിലിന്റെ അരികിൽ കിടന്നോളാം. കാട്ടിലാണെങ്കിൽ നല്ല തണുപ്പ്, കഴിക്കാൻ പോലും ചിലപ്പോൾ ഒന്നും കിട്ടാറില്ല. വെറുതെ വേണ്ട ചേട്ടാ, ഈ വീടിന്റെ സംരക്ഷണം ഇതാ19 ഈഞാൻ ഏറ്റെടുത്തോളാം, ദിവസവും കുറച്ചെന്തെങ്കിലും കഴിക്കാൻ തന്നാൽ കുശാലായി.”

ഒട്ടുനേരം ആലോചിച്ചിട്ട അയാൾ പറഞ്ഞു.

“ശരി നീ ഇവിടെ കൂടിക്കോ, ഞങ്ങൾക്കു ഒരു കൂട്ടുമായല്ലോ.”

അന്നു മുതൽ നായ മനുഷ്യനു തുണയായി. അവന്റെ വീട്ടു കാവൽ ക്കാരനായി. അതോടെ നായ വലിയൊരു ജീവിതസത്യവും പഠിച്ചു.

ഭയപ്പെടുന്നതെന്തോ അതു ചെയ്യുക; ഭയം താനേ മാറിക്കൊള്ളും.

ഷെറിൻ.എഫ്

..................... 10C

# ആനയും ഈച്ചയും



ഈ വരുന്നതൊരീച്ച
ആനയുമീച്ചയുമങ്ങനെയ
ങ്ങനെ-
യടുത്തടുത്ത്ത്ത വരുന്നു
ആനയ്ക്കുണ്ടോ പേടി
ഈച്ചയ്ക്കുണ്ടോ പേടി
രണ്ടിനുമില്ലൊരു പേടി
ആന താഴേപോയ്
ഈച്ച മേലേപോയ്!!


ബിജിഷ.എൽ
9B



# പ്രകൃതി

ഇളം കാറ്റിലാടിയുലയുന്ന മരച്ചില്ലകൾ
പ്രകൃതിയോ ആഹാ എന്തു ഭംഗി
പൂക്കൾ ആടിയുലയുന്ന കാറ്റിൽ
സൂര്യകിരണങ്ങൾ പതിക്കുന്ന മണ്ണിൽ
ആ ഇളം കാറ്റിൽ ഞാൻ മതിമറന്നു
നികാണാൻ സൂര്യകാന്തി പൂക്കൾ വിടർന്നാടി നിൽക്കെ
ഇളംക്കാറ്റിൽ രസിച്ചു നിൽക്കുന്ന പറവകൾ
പൂക്കൾ മധുനുകരുന്ന വണ്ടുകൾ
പൂമ്പാറ്റകൾ ചിറകടിച്ചുയരുന്ന കാറ്റിൽ
എന്തു ഭംഗിയെൻ പ്രകൃതി....

ശ്രീലക്ഷ്മി
8c



22

# നിലാവിന്റെ രാത്രി

സൂര്യകാന്തിപ്പൂവിപ്പോലെ വിടർന്നാടി -
നിൽക്കുന്ന നിലാവിനെ നോക്കി നിൽപ്പൂ
ഞാൻ എൻ വരാന്തയിൽ വെള്ളി -
മുത്തു പോൽ തിളങ്ങി നിൽപ്പൂ താരകൾ
വൃക്ഷങ്ങൾ നിദ്രയിലാണ്ടു നിൽപ്പൂ
എന്തു ഭംഗി ഈ നിലാവുള്ള രാത്രി..
കണ്ടു നിന്നു പോയി ഞാൻ
ആ മനോഹര രാത്രി.....

ദിവ്യ
9C




# ഒ എൻ വി കുറുപ്പ്

മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ എൻ വി കുറുപ്പ് ( 1931-2016).ഒ എൻ വി എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം.കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ എൻ കൃഷ്ണകുറുപ്പിന്റെയും കെ ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി.

1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്.സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. വാർദ്ധക്യ സഹജമായ രോഗത്താൽ 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്.

ശ്രുതി.വി.എസ്

10C



# കനിവ്

കാലമാം പ്രവാഹത്തിൽ വീണടിയുന്ന
സർവ്വലോകത്തേക്കാൾവിലയുള്ള താമീജീവിതം
കരളലിയുന്ന കാഴ്ചകണ്ടിരിക്ക വയ്യാതിനിയും
കനിവേകുമോ കരു നല്ലമെന്നീശനെ
ലോകത്തിനന്ധതയകറ്റി പ്രഭ ചൊരിയൂ
കാരുണ്യത്തിനായ് കേഴുന്നോരി മാനവരാശിയെ
കരുതലിൻ കരം നീട്ടി രക്ഷിക്കൂ കദനം തിങ്ങുന്ന മനസ്സിനെ
അപരന്റെ നന്മയ്ക്കായി പ്രവർത്തിക്കാൻ മനമേകി വാഴിയരുള്ള
വിലാപമ്മിയിലേയ്ക്കന്നെ നീ നയിക്ക
കനിവിൻ കിരണമായ് ശോഭിക്കുവാൻ


അഭിൻ

9C



# വിദ്യാലയപടവുകൾ

ആദ്യമീവിദ്യാലയത്തിൻ പടവുകൾ
കയറി നാം കണ്ണുനീർ നനവോടെ
ഇന്നിതാ ആറുവർഷങ്ങൾ പിന്നിട്ടിറങ്ങുന്ന
കണ്ണിൽന്നിന്നതിരുന്ന മിഴിനീർ
വിജ്ഞാനത്തിൻ കുളിർകാറ്റ് വീശിയ
വിദ്യലയജീവിതം കൊഴിയുന്ന
സൗഹ്റതചെപ്പ് വിടർത്തിയകാറ്റ്
തല്ലികൊഴിക്കകയാണതിനെ
ഇലകളിൽ വീണ പയംകണങ്ങൾ നാം
ഇന്ന് വേർപിരിയുന്ന വിഭിന്നവഴികളിൽ
ഓർമ്മിക്കുവാനിനി ഒന്നുമാത്്റം
ഓളങ്ങളിൽ തട്ടും ഓർമ്മ മാത്്റം



ശരണ്യ.എസ്
10 A

# മലർമൊട്ടുകൾ

മൊട്ടായ് വിരിയുന്ന പൂവിൽ
പൂവായ് വിരിയുന്ന തേനിൽ
തേനായ് നകരുന്ന ശലഭത്തിൻ
നറുമുത്തായ് വിരിയുന്ന സൗന്ദര്യം

ഇതളായ് വിരിയുന്ന പൂവിൽ
ഏഴുവർണ്ണനിറമണിഞ്ഞ ഭംഗി
സൗന്ദര്യത്തിൻ വെൺമ നിറഞ്ഞു
നില്ക്കുന്ന പൂവിൻ സുഗന്ധം



പൂന്തോട്ടത്തിൽ കുളിർകാറ്റിൽ
നൃത്തമാണ്ടുനില്പ്പൂ
കാറ്റിൻ മൃദുസാന്ത്വനം
പുതുമലരായി വിരിയുന്നു

മിഥുനാമോൾ

9B

# ഹരിതമാകുമോ ഈ പ്രപഞ്ചം?

ഹരിതമായിരുന്ന നമ്മുടെ പ്രകൃതിയുടെ പച്ചപ്പട്ടുകൾ മനുഷ്യന്റെ അമിതമായ ചൂഷണം കാരണം ഇന്ന് ശൂന്യമാകുകയാണ്.എങ്ങനെയും പണം സമ്പാദിക്കുക എന്ന ആർത്തിയോടെ പ്രകൃതിയുടെ സൗന്ദര്യം കളങ്കപ്പെടുത്തുകയാണ്.കാലാവസ്ഥയിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഭൂമിയിൽ മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ഭീഷണി ഉയർന്നത്തുകയാണ്.ഇതിനുകാരണം മനുഷ്യന്റെ സ്വാർത്ഥതയാണ്.വനനശീകരണം,വായുമലിനീകരണം,ജലക്ഷാമം തുടങ്ങിയ വിപത്തുകൾ മനുഷ്യൻ സ്വയം ക്ഷണിച്ചുവരുത്തുകയാണ്.

പ്രപഞ്ചമിനീ എത്ര നാൾ?

പ്രകൃതിയുടെ വീർമുട്ടലുകൾ നാം മനസ്സിലാക്കണം.പ്രകൃതി ഇനി എത്ര നാൾ കൂടെയുണ്ടാവും?ഇങ്ങനെ തുടരുകയാണെങ്കിൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരാറിലാവും.മുലയൂട്ടി വളർത്തുന്ന പെറ്റമ്മയാണ് നമ്മുടെ പ്രകൃതി.ഈ പ്രകൃതിയാണ് നമ്മെ നിലനിർത്തുന്നത്.ഇന്നത്തെ കാലഘട്ടത്തിൽ പ്രകൃതിയുടെ മാറിടം പിളർന്നുകുടിച്ചാലും കൊതിതീരാത്ത ക്രൂരമനസ്സുകളാണുള്ളത്.എന്നാൽ വനങ്ങളുടെയും വന്യജീവികളുടെയും കാര്യത്തിൽ കേരളം സമ്പന്നമായിരുന്നു.എന്നാൽ ഇപ്പോൾ അതുമില്ല.

പണമാണ് ജീവന് ആധാരം എന്ന് വിശ്വസിക്കുകയും അങ്ങനെ പ്രകൃതിയിൽ നിന്ന് വേറിട്ട് ജീവിക്കുകയും ചെയ്യുന്ന മനുഷ്യൻ നമ്മുടെ കാർഷികസംസ്കാരംഇന്ന് നഷ്ടപ്പെടുന്നുകയാണ്.ഇന്നത്തെ മനുഷ്യൻ തന്നെ പ്രകൃതിക്കു വലിയൊരു ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്.അങ്ങനെപ്രകൃതിക്ഷോഭങ്ങൾ

ഉണ്ടാകുന്നു.ഭൂമിയുടെ പാരിസ്ഥിതിക നാശത്തിൻെറ

അനന്തരഫലമായാണ് ജലപ്രതിസന്ധി ഉണ്ടാകുന്നത്.

26

ഒരു മരം മുറിക്കുമ്പോൾ ഒരു തൈയെങ്കിലും നടണം.ഇല്ലെങ്കിൽ

ഒരുപക്ഷേ നാം കത്തിജ്വലിച്ച് ചാമ്പലായേക്കാം.സ്വന്തം കാഴ്ചപ്പാട്

ശരിയെന്ന ഉറച്ചുനില്ക്കാതെ പ്രകൃതിയെ

സംരക്ഷിക്കാനും,സ്നേഹിക്കാനുമുള്ള മനശക്തി

വീണ്ടെടുക്കുക.പ്രകൃതിയായ അമ്മയെ ബഹുമാനിച്ചാൽ.ആരാധിച്ചാൽ

അമ്മ നാം ഏവരെയുംകരങ്ങളിൽ വഹിച്ചുകൊള്ളും.അടുത്ത തലമുറയ്ക്കായ്

ഹരിതസുന്ദരകേരളത്തെ കൈമാറാം

അമർസഹിൽ

10c



# വിദ്യാലയം

സ്വപ്നമാണ്,സ്വർഗ്ഗമാണ്
തുറന്നുതരുന്ന പഠനത്തിൻ പടിവാതിൽ
തമസ്സിൽ നിന്നും കരകയറാം
പോകാം വെളിച്ചത്തിലേക്ക്
കാണാം അനുഭവിക്കാം നന്മകൾ
കൊണ്ടും കൊടുത്തും സ്നേഹവും
മാതൃകയാക്കാനേറെ എന്താണാ?
ഏതാണ് പറയാമോ?

ശീതൾ
7B




thank
you